പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം                18/12/2014 -ൽ മറുപടിക്ക്

നമ്പർ: 4843

**സഹകരണ സ്ഥാപനങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ പ്രദീപ് കുമാർ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സഹകരണ സ്ഥാപനങ്ങൾക്ക് വസ്തു വകകൾ വാങ്ങുന്നതിനും വിൽക്കുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ : | എ) ഉണ്ട്. 8/10/1960-ലെ ജി.ഒ.(എം.എസ്) 795/1960/അഗ്രി. ഉത്തരവ് പ്രകാരം സഹകരണ സംഘങ്ങൾക്ക് ബിസിനസ് ആവശ്യത്തിനായുള്ള ആധാരങ്ങൾക്ക് മുദ്ര ഇളവ് നൽകുന്നുണ്ട്. |
| ബി) ഈ ഇളവ് സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിന് ഏതെങ്കിലും സബ് രജിസ്ട്രാർമാർ വിസമ്മതിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു കാരണങ്ങളാലാണ് ഇളവനുവദിക്കുന്നതിന് വിസമ്മതിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) 8/10/1960-ലെ ജി.ഒ.(എം.എസ്) 795/60/അഗ്രി. നമ്പർ ഉത്തരവ് അനുസരിച്ചുള്ള മുദ്രസലയിളവ് ലഭിക്കണമെങ്കിൽ സഹകരണ നിയമ പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘം, സംഘത്തിന് വേണ്ടിയോ അല്ലെങ്കിൽ അതിന്റെ ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഒരു അംഗമോ സംഘത്തിന്റെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട് ചമയ്ക്കുന്ന കരണമായിരിക്കണം എന്നീ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. 19/11/2011-ലെ WP(C)No. 17973/2010-(V)-നമ്പരായുള്ള ബഹു. ഹൈക്കോടതിയുടെ ഉത്തരവിൽ സൊസൈറ്റിയിൽ അംഗമല്ലാത്ത ഒരാൾ ചമയ്ക്കുന്ന കരണത്തിനോ ബിസിനസ്സ് ആവശ്യാർത്ഥമല്ലാത്ത കരണത്തിനോ മേൽനമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇളവ് അനുവദനീയമല്ലെന്ന് ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ള കേസുകളിൽ മുദ്രയിളവ് അനുവദിക്കാൻ സബ് രജിസ്ട്രാർമാർ വിസമ്മതിക്കുന്നുണ്ട്. |

| | |
|---|---|
| സി) സംസ്ഥാനത്ത് ഇതുസംബന്ധിച്ച നിയമം നിലനിൽക്കെ ഈ ഇളവ് അനുവദിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ? | സി) WP(C).17973/2010 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 19/11/2011 -ൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് WA.1248/13 നമ്പർ റിട്ട് അപ്പീലും, സമാനമായ നിരവധി കേസുകളും ബഹു. ഹൈക്കോടതി ഫുൾ ബഞ്ചിന്റെ പരിഗണനയിൽ ആണെന്നതിന്റെയും അടിസ്ഥാനത്തിലാകണം 8/10/1960-ലെ ജി.ഒ. (എം.എസ്) നം. 795/1960/അഗ്രി. നമ്പർ ഉത്തരവുപ്രകാരമുളള ഇളവുകൾ അനുവദിക്കാത്തത്. |

സെക്ഷൻ ഓഫീസർ.